10 (298) സാമ്പത്തിക പ്രതിസന്ധിയുടെ പരിഹാര മാർഗ്ഗങ്ങൾ

ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും ചെലവ്ചുരുക്കൽ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) സാമ്പത്തിക പ്രതിസന്ധി കാരണം ട്രഷറി ഇടപാടുകളിൽ സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ സാമ്പത്തിക പ്രതിസന്ധി നേരിടുന്നില്ല.

(ബി) ട്രഷറി ഇടപാടുകളിൽ സാമ്പത്തിക പ്രതിസന്ധി കാരണം പുതുതായി നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

11 (299) ചെലവ് ചുരുക്കൽ പരിപാടി

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ ചെലവുചുരുക്കൽ പരിപാടിയിൽ എന്തെല്ലാം നടപടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ആഡംബര കാറുകൾ വാങ്ങുന്നതും ഉയർന്ന തസ്തികകൾ സൃഷ്ടിക്കുന്നതും ഒഴിവാക്കിയാൽ ദുർവ്യയം എത്രകണ്ട് കുറയുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) മന്ത്രിമാരുടെ ടി.എ., ഡി.എ അവരുടെ ആഫീസുകളിലെ ഫോൺ ചാർജ്ജ്, ഹോസ്പിറ്റാലിറ്റി ചാർജ്ജ് മുതലായവയിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) അവ ബഡ്ജറ്റ് തുകയിൽ കവിയാതെ സൂക്ഷിക്കുമോ?

ഉത്തരം

(എ) പുതിയ തസ്തിക സൃഷ്ടിക്കൽ, പുതിയ വാഹനങ്ങൾ വാങ്ങൽ, ഓഫീസ് ചെലവുകൾ, ഇന്ധനചെലവുകൾ എന്നിവയിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടെലിഫോൺ, മൊബൈൽ ഫോൺ എന്നിവ അനുവദിക്കുന്നതിലും, സംസ്ഥാനത്തിന് പുറത്ത് കോൺഫറൻസ്, പരിശീലനം, സെമിനാർ എന്നിവയിൽ പങ്കെടുക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ തസ്തിക സൃഷ്ടിക്കൽ, വാഹനം വാങ്ങൽ എന്നിവ ഇനിയൊരുത്തരവുണ്ടാകുന്നതുവരെ നിരോധിച്ചിട്ടുണ്ട്. കൂടാതെ പബ്ലിക് സെക്ടർ കോർപ്പറേഷനുകൾ അനുവദിക്കാതിരിക്കുക,

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ചെലവിൽ ഗ്രീറ്റിംഗ് കാർഡുകൾ അച്ചടിക്കുകയോ വാങ്ങുകയോ ചെയ്യാതിരിക്കുക എന്നീ തീരുമാനങ്ങളും എടുത്തിട്ടുണ്ട്. വിവിധ വകുപ്പുകൾക്ക് നിശ്ചയിച്ചിട്ടുള്ള റവന്യൂ കളക്ഷൻ സമയബന്ധിതമായി പിരിച്ചെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചെലവുചുരുക്കൽ നടപടികൾ എല്ലാം തന്നെ സർക്കാർ കമ്പനികൾ, സർവ്വകലാശാലകൾ എന്നിവയ്ക്കും പൊതുമേഖലാസ്ഥാപനങ്ങളും അർദ്ധസർക്കാർ സ്ഥാപനങ്ങളുമടക്കം സംസ്ഥാന ഖജനാവിൽ നിന്നും പണം പറ്റുന്ന എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാണ്.

(ബി) കണക്കായിട്ടില്ല.

(സി) ഇല്ല

(ഡി) വ്യയനിയന്ത്രണ ഉത്തരവ് പ്രകാരം എല്ലാ ചെലവുകളും ബഡ്ജറ്റ് തുകയിൽ ഒതുക്കി നിർത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

12 (300) കേന്ദ്ര വിഹിതം ലഭിക്കുന്നതിന് നിവേദനം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സന്ദർശിച്ച 11-ാം ധനകാര്യകമ്മീഷൻ മുൻപാകെ സംസ്ഥാനത്തിന് അർഹമായ കേന്ദ്ര വിഹിതം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് സർക്കാർ നിവേദനം നൽകുകയുണ്ടായോ;

(ബി) എങ്കിൽ നിവേദനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിദേശ രാജ്യങ്ങളിൽ ജോലി ചെയ്ത രാജ്യത്തിന് വിദേശ നാണ്യം നേടിത്തരുന്ന കേരളത്തിലെ മനുഷ്യവിഭവശേഷി വികാസത്തിനു വേണ്ടി പദ്ധതികൾ നടപ്പിലാക്കാൻ സ്പെഷ്യൽ ഗ്രാന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന അഭ്യർത്ഥനകൾ ചുവടെ ചേർക്കുന്നു.

1. പത്താം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരുന്ന ആൾട്ടർനേറ്റീവ് ഡെവല്യൂഷൻ ഫോർമുല ഉടനെ നടപ്പിലാക്കുക. കേന്ദ്ര നികുതികളുടെ മൊത്ത വരുമാനത്തിന്റെ 40 ശതമാനത്തിൽ കുറയാത്ത തുക സംസ്ഥാനങ്ങൾക്ക് നൽകുക.

ധനകാര്യ കമ്മീഷൻ നിലവിലുള്ള വിഭവ കൈമാറ്റ ഫോർമുല തന്നെ തുടരുകയാണെങ്കിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കണം.

1. സംസ്ഥാനങ്ങൾക്കുള്ള ആദായ നികുതി വിഹിതം 85 ശതമാനമായി പുനഃസ്ഥാപിക്കുക.

2. ആദായ നികുതിക്ക് സർചാർജ്ജ് ഏർപ്പെടുത്തുന്നത് നിർത്തുക.

3. കോർപ്പറേഷൻ നികുതിയെ ആദായ നികുതിയുടെ ഭാഗമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly